**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **12-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനപാതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനപാതകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് മന്ത്രി പങ്കെടുത്തുകൊണ്ട് നടത്തുന്ന മിഷൻ മീറ്റിംഗിൽ പ്രധാന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും കൂടാതെ എല്ലാ വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വിലയിരുത്താറുണ്ട്. ബഹു. എം.എൽ.എ.മാർ പങ്കെടുത്ത് നടത്തുന്ന CMT യോഗങ്ങളിലും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി വരുന്നുണ്ട്.<br><br>കെ.എസ്.ടി.പി. നിർമ്മാണം നടത്തിവരുന്ന സംസ്ഥാന പാതകളുടെ പുരോഗതി അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>കിഫ്ബി ധനസഹായത്തോട്ടുകൂടി കെ.ആർ.എഫ്.ബി -പി.എം.യു ന്റെ നിർവഹണ പരിധിയിലുള്ള സംസ്ഥാന പാതകളിൽ വരുന്ന കിഫ്ബി പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ബി) | പുതുതായി സംസ്ഥാനപാതകളായി പരിവർത്തനപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം പാതകളെയാണ്; പുതിയ പാതകളെ സംസ്ഥാനപാതകളാക്കി മാറ്റുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കുമോ; | (ബി) | പുതുതായി പാതകളെ സംസ്ഥാന പാതകളായി പരിവർത്തനപ്പെടുത്തിയിട്ടില്ല. പ്രധാന പാതകളെ അവസാനമായി സംസ്ഥാന പാതയായി ഉയർത്തിയത് ഫെബ്രുവരി 2021 ലെ ഗസറ്റ് വിജ്ഞാപനം മുഖേനയാണ്. ആയതു പ്രകാരം എറണാകുളം-ശബരിമല റോഡ് (154.611 കി.മീ) സ്റ്റേറ്റ് ഹൈവേ 81 ആയും മൂവാറ്റുപുഴ-ആലപ്പുഴ റോഡ് (82.998 കി.മീ) സ്റ്റേറ്റ് ഹൈവേ 82 ആയും പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്നതോ ദേശീയ പാതകളുമായി |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുന്നതോ ആയ റോഡുകളെയാണ് സംസ്ഥാനപാതകളായി കണക്കാക്കുന്നത്. നിലവിലേയും ഭാവിയിലേയും വാഹന സാന്ദ്രതയിലുണ്ടാകാവുന്ന വർദ്ധനവ്, ഭൂമി ലഭ്യത, കാർഷിക, വിദ്യാഭ്യാസ, സാമൂഹികമായ ഉത്ഥാനം പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ, ഗോത്രവർഗ്ഗ / ആദിവാസി മേഖലകളിലേക്കും തൊഴിൽ സ്ഥലങ്ങളിലേക്കുമുള്ള പൊതുഗതാഗതം എന്നിവ മുൻ നിർത്തിയാണ് വിവിധ റോഡുകൾ സംസ്ഥാന പാതകളാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | പ്രധാന ടൂറിസ്റ്റ്കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ സംസ്ഥാനപാതകളായി വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് നിലവിലുള്ള സംസ്ഥാന പാതകളായ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവനന്തപുരം – പൊന്മുടി റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടന്നു വരികയാണ്. |
| (ഡി) | സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും സഞ്ചരിക്കുന്ന യാത്രക്കാരുടെ ആവശ്യങ്ങൾക്കുതകുംവിധം സംസ്ഥാനത്ത് റോഡ് കണക്ടിവിറ്റി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട മിക്ക റോഡുകളും ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തി വരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ റോഡിന് വീതി കൂട്ടുകയും, കാനകൾ, ഓടകൾ തുടങ്ങിയവ ഫണ്ട് ലഭ്യത അനുസരിച്ച് നിർമ്മിച്ചും സഞ്ചാരം സുഗമമാക്കി വരുന്നു.<br><br>സംസ്ഥാനത്ത് റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിനുവേണ്ടി RKI യിൽ ഉൾപ്പെടുത്തി കെ.എസ്.റ്റി.പി ലോകബാങ്കിന്റെ സഹായത്തോടുകൂടി 2482.32 കോടി ചെലവുള്ള 348.83 കി.മീ. റോഡും ജർമ്മൻ ബാങ്കിന്റെ സഹായത്തോടുകൂടി 1836.77 കോടി ചെലവുള്ള 380.13 കി.മീ. റോഡും ചെയ്തു വരുന്നു. കേരള സർക്കാരിന്റെ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 46.18 കി.മീ. ചലഞ്ച് ഫണ്ട് (4 എണ്ണം) പ്രവർത്തി നടപ്പിലാക്കി വരുന്നു. കൂടാതെ 78.65 കി.മീ. SCDP പ്രവർത്തിയും 156.75 കി.മീ. Spill over projects (6 എണ്ണം) കളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>റിക്കിന് കീഴിൽ വരുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി പാക്കേജ് -എ യിലും (ഉപ്പള- കനിയാന റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ്- കാസർഗോഡ് ജില്ല- 25 കി.മീ) . പാക്കേജ് -ബിയിലും (വെള്ളനാട്- ചെറ്റച്ചൽ റോഡ്, തിരുവനന്തപുരം ജില്ല. കാഞ്ഞിരപ്പള്ളി-കാഞ്ഞിരം കവല റോഡ്-കോട്ടയം ജില്ല (36 കി.മീ) ഉൾപ്പെടുത്തി 2017-18 കാലയളവിൽ DBFMT- |

| | | | |
|---|---|---|---|
| | | | ആന്വറ്റി വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഈ റോഡ് പ്രവർത്തന പരിപാലന കാലയളവിലുമാണ്. പരിപാലന കാലയളവിൽ IRC നിഷ്കർഷിക്കുന്ന വ്യവസ്ഥയിൽ operation & maintenance പ്രവൃത്തികൾ ചെയ്തു വരുന്നത് കരാർ കമ്പനികൾ ആണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2 കെ.ആർ.എഫ്.ബി.- പി.എം.യു

| ജില്ല | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| തിരുവനന്തപുരം | മലയോര ഹൈവേ കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കുടപ്പനമൂട്- വാഴിച്ചൽ | 45% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കൊപ്പം – പെരിങ്ങമ്മല | 86% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കൊല്ലായിൽ - ചല്ലിമുക്ക് | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) | പ്രവൃത്തി പൂർത്തീകരിച്ചു |
| | വഴയില-പഴകുറ്റി റോഡ് റീച്ച്-1 വഴയില-കെൽട്രോൺ ജംഗ്ഷൻ | 06.01 2025 തീയതിയിൽ എഗ്രിമെന്റ് വച്ച് നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |
| | വഴയില-പഴകുറ്റി റോഡ് റീച്ച്-2&3 വഴയില-കെൽട്രോൺ ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | പഴകുറ്റി-വെമ്പായം റോഡ് | 85% പ്രവൃത്തി പൂർത്തീകരിച്ചു |
| | വർക്കല - നടയറ - പാരിപ്പള്ളി റോഡ് | 78% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| കൊല്ലം | മലയോര ഹൈവേ കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി | പ്രവൃത്തി പൂർത്തീകരിച്ചു |
| | ആയൂർ അഞ്ചൽ | പ്രവൃത്തി പൂർത്തീകരിച്ചു |
| കോട്ടയം | മലയോര ഹൈവേ പ്ലാച്ചേരി കരിങ്കല്ലുമൂഴി | ടെൻഡർ അപ്പ്രൂവൽ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചു |

| | | |
|---|---|---|
| ഇടുക്കി | മലയോര ഹൈവേ കുട്ടിക്കാനം – ചപ്പാത്ത് | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം | 69% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| | മലയോര ഹൈവേ പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം | 51% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| | മലയോര ഹൈവേ പീരുമേട് - ദേവികുളം - നാലാം ഘട്ടം | പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ എല്ലക്കൽ - വലിയ മുല്ലക്കാനം | 28% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| | മലയോര ഹൈവേ മൈലാടുംപാറ - പുളിയൻമല | സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി DPR പുനഃ സമർപ്പിച്ചിട്ടുണ്ട് |
| | മലയോര ഹൈവേ ഇരുട്ടുക്കാനം - ഏലക്കൽ പാലം | സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി DPR പുനഃ സമർപ്പിച്ചിട്ടുണ്ട് |
| എറണാകുളം | മലയോര ഹൈവേ ചേരംഗനാൽ - നേര്യമംഗലം | സൗജന്യമായി ഭൂമി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല |
| | മലയോര ഹൈവേ യൂക്കാലി ജംഗ്ഷൻ - ഇല്ലിത്തോട് | സൗജന്യമായി ഭൂമി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല |
| | മലയോര ഹൈവേ ഇല്ലിത്തോട് - അഭയാരണ്യം (elevated റോഡ്) - ചെട്ടിനട | സൗജന്യമായി ഭൂമി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല |
| | മലയോര ഹൈവേ വെറ്റിലപ്പാറ – മഞ്ഞപ്ര - യൂക്കാലി ജംഗ്ഷൻ | സൗജന്യമായി ഭൂമി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല |

| | | |
|---|---|---|
| | മലയോര ഹൈവേ ചെട്ടിനട - ചേരങ്ങനാൽ | സൗജന്യമായി ഭൂമി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല |
| | മൂവാറ്റുപുഴ നഗര വികസന | Drain cum Duct -ന്റെ പ്രവർത്തി 40% പൂർത്തീകരിച്ചിട്ടുണ്ട് |
| | കിഴക്കമ്പലം - നെല്ലാട് | പ്രവൃത്തി പൂർത്തീകരിച്ചു |
| തൃശ്ശൂർ | ചാലക്കുടി ആനമല റോഡ് | 83% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പട്ടിക്കാട് വിളങ്ങന്നൂർ | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ വെള്ളിക്കുളങ്ങര - വെറ്റിലപ്പാറ പാലം | 4% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ വിളങ്ങന്നൂർ- വെള്ളിക്കുളങ്ങര | 65% പ്രവൃത്തി പൂർത്തീകരിച്ചു |
| പാലക്കാട് | മലയോര ഹൈവേ നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| | മലയോര ഹൈവേ പനങ്ങാട്ടിരി-വിത്തനശ്ശേരി | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| | മലയോര ഹൈവേ ഗോപാലപുരം- നെടുമണി- സ്ട്രെച്ച് | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ ഗോപാലപുരം- നെടുമണി- സ്ട്രെച്ച് 2 | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ | 1% പ്രവൃത്തി പൂർത്തീകരിച്ചു |
| | നിള ഐ പി ടി റോഡ് | 55% പ്രവൃത്തി പൂർത്തീകരിച്ചു |
| മലപ്പുറം | മലയോര ഹൈവേ പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പൂക്കോട്ടുംപാടം – കാളികാവ് – രണ്ടാം ഘട്ടം | 40% പ്രവൃത്തി പൂർത്തീകരിച്ചു |

| | | |
|---|---|---|
| | മലയോര ഹൈവേ പൂക്കോട്ടുംപാടം -മൈലാടി പാലം | 92% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ പൂക്കോട്ടുംപാടം - മൂലേപ്പാടം രണ്ടാം ഘട്ടം | സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| | മലയോര ഹൈവേ കക്കാടംപൊയിൽ - നിലമ്പൂർ | സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| | മലയോര ഹൈവേ ചിറക്കൽ - ഉച്ചാരക്കടവ്, ഉച്ചാരക്കടവ് – കാഞ്ഞിരംപാറ | സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| കോഴിക്കോട് | മലയോര ഹൈവേ കോടഞ്ചേരി - കക്കാടംപൊയിൽ | 98% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ തലയാട് - മലപുറം - കോടഞ്ചേരി - ഒന്നാം ഘട്ടം | 42% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ 28-ആം മൈൽ - തലയാട് ടൗൺ | 33% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ മരിപ്പുഴ - ആനക്കാംപൊയിൽ- പുല്ലൂരാംപാറ | 8% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ ചുങ്കക്കുട്ടി - പൂതംപാറ പാലം | സാമ്പത്തികാനുമതി revalidate ചെയ്തതിനു ശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പുനഃ സമർപ്പിക്കുന്നതിനായി PRICE വഴി തിരികെ നൽകിയിട്ടുണ്ട് |
| | മലയോര ഹൈവേ പെരുവണ്ണാമുഴി മുതൽ 28-ആം മൈൽ വരെ | 8% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ മുള്ളൻകുന്ന് – പെരുവണ്ണാമുഴി | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ തൊട്ടിൽപ്പാലം - മുള്ളൻകുന്ന് | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |

| | | |
|---|---|---|
| | മലയോര ഹൈവേ തലയാട് - മലപുറം - കോടഞ്ചേരി - രണ്ടാം ഘട്ടം | 2% പ്രവൃത്തി പൂർത്തീകരിച്ചു |
| | പുതിയങ്ങാടി ഉള്ളിയേരി കുറ്റിയാടി ചൊവ്വ റോഡ് | ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | തിരുവമ്പാടി പുല്ലൂരാംപാറ എടത്തറ മറിപ്പുഴ റോഡ് | 8% പ്രവൃത്തി പൂർത്തീകരിച്ചു |
| | കൈതപ്പൊയിൽ കോടഞ്ചേരി അഗസ്ത്യാമൂഴി റോഡ് | 70% പ്രവൃത്തി പൂർത്തീകരിച്ചു |
| കണ്ണൂർ | മാഹി- പയ്യാമ്പലം തീരദേശ ഹൈവേ- മാഹി പാലം മുതൽ മൊയ്തു പാലം വരെ | ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ വള്ളിത്തോട് അമ്പായത്തോട് റോഡ് | 56% പ്രവൃത്തി പൂർത്തീകരിച്ചു |
| | പെരിങ്ങത്തൂർ മേക്കുന്ന് പാനൂർ പൂക്കോട് മട്ടന്നൂർ റോഡ് | ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | മലയോര ഹൈവേ അമ്പായത്തോട്- ബോയ്സ് ടൗൺ | പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| വയനാട് | കൽപ്പറ്റ – വാരാമ്പറ്റ റോഡ് | 95% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കൽപ്പറ്റ ബൈപാസ് മേപ്പാടി കാപ്പൻകൊല്ലി ചൂരൽമല | ബാലൻസ് വർക്ക് പുനഃക്രമീകരിച്ച് 20% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കൊട്ടിയൂർ-ബോയ്സ് ടൗൺ | 75% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കുഞ്ഞോം - നിറവിൽപുഴ – ചുങ്കക്കുട്ടി | 5% പ്രവൃത്തി പൂർത്തീകരിച്ചു |
| കാസർഗോഡ് | കല്ലടുക്ക ചേർക്കള റോഡ് | 35% പ്രവൃത്തി പൂർത്തീകരിച്ചു |
| | ബദിയടുക്ക ഏത്തടുക്ക സുള്ള്യപ്പദവ് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു |
| | തെക്കിൽ ആലട്ടി റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു |
| | ഹോസ്ദുർഗ്ഗ് പാണത്തൂർ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു |

| | | |
|---|---|---|
| | മലയോര ഹൈവേ നന്ദാരപ്പടവ് - ചേവാർ | പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ കോളിച്ചാൽ -ഇടപ്പറമ്പ് | 21 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കി. ബാക്കിയുള്ള 3 കിലോമീറ്റർ വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ സിഎ ലാ ൻഡ് കണ്ടെത്തേണ്ടതുണ്ട്. |
| | മലയോര ഹൈവേ കോളിച്ചാൽ- ചെറുപുഴ | 95% പ്രവൃത്തി പൂർത്തീകരിച്ചു |
| | മലയോര ഹൈവേ ചേവാർ - ഇടപ്പറമ്പ | 80% പ്രവൃത്തി പൂർത്തീകരിച്ചു |
| പത്തനംതിട്ട | ആലപ്പുഴ തിരുവല്ല റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു |
| | അട്ടർ ടൗൺ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു |

## അനുബന്ധം 1 കെ.എസ്.ടി.പി.

1. എസ്.എച്ച്-11 എം.സി റോഡ് (കഴക്കൂട്ടം –ചെങ്ങന്നൂർ, SCDP) നിലവിൽ മെയിന്റനൻസ് കാലാവധിയിലാണ്. എസ്.എച്ച്-1-ലെ കോട്ടയം അയിഡ ജംഗ്ഷൻ മുതൽ അങ്കമാലി ജംഗ്ഷൻ വരെ OPBRC Package-ൽ ഉൾപ്പെടുത്തി 7 വർഷത്തെ നിരത്ത് പരിപാലനം നടപ്പിലാക്കുന്നു.

2. എസ്.എച്ച്-1 – ആലപ്പുഴ – ചങ്ങനാശ്ശേരി റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) –പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി 88 ശതമാനം പൂർത്തീകരിച്ചു.

3. എസ്.എച്ച്-2, എസ്.എച്ച് 45 – നെടുമങ്ങാട് –പൊന്മുടി റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) – പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി 33 ശതമാനം പൂർത്തീകരിച്ചു.

4. എസ്.എച്ച്-34-കൊയിലാണ്ടി – താമരശ്ശേരി റോഡ് പ്രവർത്തി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) പൂർത്തീകരിച്ചു. നിലവിൽ പരിപാലന കാലാവധിയിലാണ്.

5. എസ്.എച്ച്-22 – കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) - പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി 36ശതമാനം പൂർത്തീകരിച്ചു. പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

6. എസ്.എച്ച്- 53- മുണ്ടൂർ - തൂത റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) - പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി 76 ശതമാനം പൂർത്തീകരിച്ചു. പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

7. എസ്.എച്ച് 69- തൃശ്ശൂർ കുറ്റിപ്പുറം റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) – ഈ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ റീ-ടെണ്ടർ ചെയ്യുകയും പുതിയ കരാറുകാരനുമായി 22.01.2025ന് എഗ്രിമെന്റ് വെയ്ക്കുകയും കരാറുകാരൻ പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

8. എസ്.എച്ച്- 39- പെരുമ്പിലാവ് നിലമ്പൂർ റോഡ്(റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) - ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യപ്പെട്ടതിനാൽ പ്രസ്തുത റോഡിലെ ബാലൻസ് പ്രവൃത്തിയുടെ DPR Preparation പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

9. സംസ്ഥാന പാതയായ എടവണ്ണ –കൊയിലാണ്ടി –എരഞ്ഞിമാവ് റോഡ് എസ്.എച്ച്- 34 (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) – പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ മെയിന്റനൻസ് കാലാവധിയിലാണ്.

10. എസ്.എച്ച്-8 വാഴക്കോട് – പ്ലാഴി റോഡ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) - 22.720 കി.മീ. പ്രവൃത്തി പൂർത്തീകരിച്ചു.

11. എസ്.എച്ച്-43-ൽ (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി) മൂവാറ്റുപുഴ മുതൽ -പെരുമാങ്കണ്ടം വരെ 16.180 കി.മീ. പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

12. എസ്.എച്ച്-8 – പുനലൂർ -മൂവാറ്റുപുഴ സംസ്ഥാന പാതയിൽ പുനലൂർ മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. DLP കാലാവധിക്കുശേഷം 2019-ൽ അതാത് റോഡ്സ് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ പരിപാലന കാലാവധിയിലുമാണ്.